സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 142 2024 സെപ്തംബർ 18 ബുധൻ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

സ്വിമ്മിങ് പൂളിൽ വീണ് രണ്ട് വയസുകാരൻ മരിച്ചു

മൂവാറ്റുപുഴ: സ്വിമ്മിങ് പൂളിൽ വീണ് രണ്ട് വയസുകാരൻ മരിച്ചു. പായിപ്ര കക്ഷായിപടി പൂവത്തും ചുവട്ടിൽ ജിയാസിന്റെയും ഷെഫീലയുടെയും മകൻ അബ്രാം സെയ്ത് (2) ആണ് മരിച്ചത്. ചൊവ്വാഴ്ച വൈകീട്ട് 4 മണിയോടെയാണ് സംഭവം.

ജിയാസിന്റെ വീടിനു തൊട്ടടുത്തുള്ള സഹോദരന്റെ വീട്ടിൽ വന്നതായിരുന്നു കുഞ്ഞ്. കളിക്കുന്നതിനിടെ വീട്ടിലെ സ്വിമ്മിങ് പൂളിൽ വീണ് മുങ്ങിപ്പോയ കുഞ്ഞിനെ ബന്ധുക്കൾ ഉടൻ പേഴയ്ക്കാപ്പിള്ളിയിലെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചു. നില ഗുരുതരമായതോടെ എറണാകുളത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ബുധനാഴ്ച രാവിലെ എട്ടുമണിയോടെ മരിച്ചു.

ജമ്മു കശ്മീർ നിയമസഭാ തിരഞ്ഞെടുപ്പ്

ആദ്യഘട്ടത്തിൽ മികച്ച പോളിങ്

ശ്രീനഗർ: ജമ്മു കശ്മീർ നിയമസഭാ തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ടത്തിൽ മികച്ച പോളിങ്. പിഡിപിയും നാഷണൽ കോൺഫറൻസും തമ്മിലാണ് ഈ ഘട്ടത്തിൽ പ്രധാനമൽസരം. കശ്മീർ താഴ് വരയിലെ പതിനാറും ജമ്മുവിലെ എട്ടും മണ്ഡലങ്ങളാണ് വിധിയെഴുതുന്നത്.

മുൻ പിഡിപി ശക്തികേന്ദ്രങ്ങളും ഭീകരർക്ക് ഒളിത്താവളമൊരുക്കുന്നതിന് കുപ്രസിദ്ധിയാർജിച്ച പ്രദേശങ്ങളുമായ ദക്ഷിണ കശ്മീരാണ് ആദ്യഘട്ടത്തിലെ പ്രധാന പോരാട്ട മേഖല.

ഏഴു മണിക്ക് പോളിങ് ആരംഭിച്ചപ്പോൾ മുതൽ ബൂത്തുകളിൽ നീണ്ട നിര രൂപപ്പെട്ടു. കുൽഗാം, ഷോപിയാൻ, അനന്ത് നഗ്, പുൽവാമ തുടങ്ങിയ മണ്ഡലങ്ങളിലെല്ലാം പോളിങ് ബൂത്തുകൾക്ക് സൈന്യവും അർധസൈനിക വിഭാഗങ്ങളും കർശന കാവലൊരുക്കി.

പ്രത്യേക പദവി റദ്ദാക്കലും സംസ്ഥാന പദവി പുനസ്ഥാപിക്കലുമാണ് രാഷ്ട്രീയ പാർട്ടികൾ ഉയർത്തുന്ന വിഷയങ്ങൾ. തൊഴിലില്ലായ്മയും വിലക്കയറ്റവുമാണ് മുഖ്യമെന്ന് സാധാരണക്കാർ. ആദ്യഘട്ടത്തിൽ നേടുന്ന സീറ്റുകൾ മെഹബൂബ മുഫ്തിയുടെ പിഡിപിയുടെ രാഷ്ട്രീയ ഭാവി നിർണയിക്കും.

24 മണ്ഡലങ്ങളിലാണ് ആദ്യഘട്ടത്തിൽ പോളിങ് നടക്കുന്നത്. 24 മണ്ഡലങ്ങളിൽ എട്ടെണ്ണം ജമ്മുവിലും 16 എണ്ണം കശ്മീരിലുമാണ്.

219 സ്ഥാനാർഥികളാണ് ആദ്യഘട്ടത്തിൽ മത്സരിക്കുന്നത്. ചിലത് ജമ്മു–കശ്മീരിലെ പ്രധാന നേതാക്കൾ മത്സരിക്കുന്ന തട്ടകങ്ങളാണ്.

സി.പി.എം കേന്ദ്ര കമ്മിറ്റി അംഗം മുഹമ്മദ് യൂസഫ് തരിഗാമി, എ.ഐ.സി.സി. ജനറൽസെക്രട്ടറി ഗുലാം അഹമ്മദ് മിർ, പി.ഡി.പി. നേതാവ് മെഹബൂബ മുഫ്തിയുടെ മകൾ ഇൽതിജ മുഫ്തി, നാഷണൽ കോൺഫ്രൻസ് നേതാവ് സകീന ഇട്ടു, ബി.ജെ.പി. സ്ഥാനാർഥി സോഫി മുഹമ്മദ് യൂസഫ് തുടങ്ങിയവരാണ് പ്രമുഖ സ്ഥാനാർഥികൾ.

കഴിഞ്ഞ പത്ത് വർഷമായി തങ്ങൾ ഈ ദിവസത്തിനായി കാത്തിരിക്കുകയാണെന്ന് നാഷണൽ കോൺഫറൻസ് നേതാവ് ഒമർ അബ്ദുള്ള പറഞ്ഞു.

'ദൈവം സംരക്ഷിക്കും'; ഔദ്യോഗിക വസതി ഒഴിയുമെന്ന് കെജ്രിവാൾ

ന്യൂഡൽഹി: മുഖ്യമന്ത്രി സ്ഥാനം രാജിവെച്ച സാഹചര്യത്തിൽ അരവിന്ദ് കെജ്രിവാൾ ഔദ്യോഗിക വസതി ഒഴിയുമെന്ന് എഎപി. ഡൽഹിയ സിവിൽ ലൈൻസ് ഏരിയയിലെ ഔദ്യോഗിക വസതി ഒരാഴ്ചയ്ക്കുള്ളിൽ ഒഴിയുമെന്ന് എഎപി എംപി സഞ്ജയ് സിങ് വ്യക്തമാക്കി.

കെജ്രിവാളിനു നേരെ നിരവധി ആക്രമണ ശ്രമങ്ങൾ നടന്നിട്ടുള്ളതിനാൽ സുരക്ഷാ കാരണങ്ങൾ മുൻനിർത്തി ഔദ്യോഗിക വസതി ഒഴിയരുതെന്ന് പാർട്ടി നേതാക്കൾ ആവശ്യപ്പെട്ടെങ്കിലും കെജ്രിവാൾ അതിന് തയ്യാറായില്ലെന്ന് സഞ്ജയ് സിങ് പറഞ്ഞു. ദൈവം തന്റെ രക്ഷയ്ക്കുണ്ടെന്നും ഔദ്യോഗിക വസതി ഒഴിയുകയാണെന്നും കെജ്രിവാൾ വ്യക്തമാക്കുകയായിരുന്നെന്നും അദ്ദേഹം പറഞ്ഞു.

ഡൽഹി മദ്യനയ അഴിമതി കേസിൽ മാസങ്ങൾ ജയിലിൽ കഴിഞ്ഞശേഷം സെപ്റ്റംബർ 13–ന് ആണ് കെജ്രിവാൾ ജാമ്യംലഭിച്ച് ജയിലിൽനിന്ന് പുറത്തിറങ്ങിയത്. തുടർന്ന് 17–ന് അദ്ദേഹം മുഖ്യമന്ത്രി സ്ഥാനത്തുനിന്ന് രാജിവെക്കുകയും ചെയ്തു. തുടർന്ന്, മന്ത്രിയും എഎപി വക്താവുമായ അതിഷിയെ മുഖ്യമന്ത്രിസ്ഥാനത്തേക്ക് പാർട്ടി തിരഞ്ഞെടുക്കുകയും ചെയ്തിരുന്നു.

സുരേഷ് ഗോപിക്ക് ജയിക്കാനുള്ള അന്തരീക്ഷം ഉണ്ടാക്കി കൊടുത്തത് സിപിഎം ആർഎസ്എസ് ബന്ധം; വിഡി സതീശൻ

തിരു : ആർ.എസ്.എസ് ജനറൽ സെക്രട്ടറിയെ ക്രമസമാധാന ചുമതലയുള്ള എ.ഡി. ജി. പി സന്ദർശിച്ചതുമായി ബന്ധപ്പെട്ട അന്വേഷണത്തിന് ഉത്തരവിടാൻ മുഖ്യമന്ത്രിക്ക് സാധിക്കില്ലെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. കാരണം മുഖ്യമന്ത്രിയുടെ ദൂതനായാണ് എ.ഡി.ജി.പി ആർ.എസ്.എസ് നേതാവിനെ കണ്ടത്. വ്യക്തിപരമായി കണ്ടെന്നാണ് മന്ത്രിമാർ ഉൾപ്പെടെയുള്ളവർ പറഞ്ഞത്. വ്യക്തിപരമായി കാണാൻ അവർ തമ്മിൽ അതിർത്തി തർക്കമുണ്ടോയെന്നും സതീശൻ പരിഹസിച്ചു. തിരുവനന്തപുരത്ത് മാദ്ധ്യമപ്രവർത്തകരോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

പത്തു ദിവസത്തെ ഇടവേളയിൽ എ.ഡി.ജി.പി ആർ.എസ്.എസ് നേതാവ് റാം മാധവിനെയും കണ്ടു. ആർ.എസ്.എസ് നേതാക്കളുമായി ചർച്ച നടത്താൻ മുഖ്യമന്ത്രി എന്തിനാണ് ഉദ്യോഗസ്ഥരെ നിയോഗിക്കുന്നത്? അത്തരത്തിൽ അയച്ച ആളുകളെ സംരക്ഷിക്കാനാണ് മുഖ്യമന്ത്രി ശ്രമിക്കുന്നത്. പ്രകാശ് ജാവദേക്കറെ കണ്ടതിനാണ് ഇ.പി ജയരാജനെതിരെ നടപടിയെടുത്തത്. ഞാനും ജാവദേക്കറെ അഞ്ചാറ് തവണ കണ്ടിട്ടുണ്ടെന്നാണ് മുഖ്യമന്ത്രി തിരഞ്ഞെടുപ്പ് കാലത്ത് പറഞ്ഞത്. കേന്ദ്ര മന്ത്രി അല്ലാത്ത ബി. ജെ.പിയുടെ സംഘടനാ ചുമതലയുള്ള പ്രകാശ് ജാവദേക്കറെ കേരളത്തിന്റെ മുഖ്യമന്ത്രി എന്തിനാണ് കണ്ടത്? എന്നിട്ടാണ് ഇ.പി ജയരാജനെതിരെ മാത്രം നടപടി എടുത്തത്. ഇത് ഇരട്ടത്താപ്പാണ്. ബി.ജെ.പി സി.പി.എം അവിശുദ്ധ ബാന്ധവത്തിന്റെ ഭാഗമായാണ് തൃശൂർ പൂരം കലക്കി ബി.ജെ.പി സ്ഥാനാർത്ഥിക്ക് ജയിക്കാനുള്ള അന്തരീക്ഷം ഉണ്ടാക്കിക്കൊടുത്തതെന്ന് വി.ഡി സതീശൻ ആരോപിച്ചു.

ഹേമ കമ്മിറ്റി ശുപാർശകളുടെ അടിസ്ഥാനത്തിൽ അന്വേഷണത്തിന് വനിത ഉദ്യോഗസ്ഥരെ നിയമിക്കണമെന്നാണ് പ്രതിപക്ഷം ആവശ്യപ്പെട്ടത്. എന്നാൽ വനിതകളെ കൂടാതെ പുരുഷ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തിയുള്ള സംഘത്തെയാണ് സർക്കാർ നിയോഗിച്ചത്. ഹേമ കമ്മിറ്റി റിപ്പോർട്ടിലെ കണ്ടെത്തലുകളെ കുറിച്ചല്ല, അതിന് ശേഷമുള്ള വെളിപ്പെടുത്തലുകളെ കുറിച്ചാണ് ഈ സംഘം അന്വേഷിക്കുന്നത്. ഹേമ കമ്മിറ്റി റിപ്പോർട്ടിലെ കണ്ടെത്തലുകളെ കുറിച്ച് അന്വേഷിക്കണമെന്നാണ് ഹൈക്കോടതിയും നിർദ്ദേശിച്ചിരിക്കുന്നത്. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി ഇരകളുടെ സ്വകാര്യത വെളിപ്പെടുത്താതെ തെറ്റുകാരെ നിയമത്തിന് മുന്നിൽ കൊണ്ടുവരണം.

ലോറിയുടെ ചക്രത്തിൽ കുടുങ്ങി ബൈക്ക്; നടുക്കി സിസിടിവി ദൃശ്യം

ഗുണ്ടൽപേട്ട് : മൂന്നുപേരുടെ ജീവനെടുത്ത ഗുണ്ടൽപേട്ട് അപകടത്തിന്റെ സിസിടിവി ദൃശ്യം പുറത്ത്. 200 മീറ്ററോളം ദൂരമാണ് ലോറി ബൈക്കിനെ ഇടിച്ച് മുന്നോട്ടുപോയത്. ലോറിയുടെ ചക്രത്തിൽ ബൈക്ക് കുടുങ്ങിക്കിടക്കുന്നത് ദൃശ്യങ്ങളിൽ വ്യക്തമാണ്.

ബൈക്കും ലോറിയും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ ഒരു കുടുംബത്തിലെ മൂന്നു പേരാണ് മരിച്ചത്. അവധിയാത്രക്കു പോയ വയനാട് പുതാടി സ്വദേശി അഞ്ജു, ഭർത്താവ് മലവയൽ സ്വദേശി ധനേഷ്, ഇവരുടെ എട്ടു വയസ്സുകാരനായ മകൻ എന്നിവരാണു മരിച്ചത്.

മൂന്നംഗ സംഘം സഞ്ചരിച്ച ബൈക്കിൽ അമിത വേഗതയിലെത്തിയ കർണാടക റജിസ്ട്രേഷനിലുള്ള ലോറി ഇടിക്കുകയായിരുന്നു. ഇന്നലെ വൈകിട്ട് മൂന്നരയോടെയാണ് അപകടം നടന്നത്. ടിപ്പർ ഡ്രൈവർ മദ്യപിച്ചിരുന്നെന്ന് നാട്ടുകാർ ആരോപിച്ചു.

കുടുംബത്തിൽ ധാരണയായി; ഉദയനിധി സ്റ്റാലിൻ തമിഴ്നാട് ഉപമുഖ്യമന്ത്രിയാകും

ചെന്നൈ: തമിഴ്നാട് മുഖ്യമന്ത്രിയുടെ മകനും മന്ത്രിയുമായ ഉദയനിധി സ്റ്റാലിനെ ഉപമുഖ്യമന്ത്രിയാക്കാൻ തീരുമാനിച്ച് ഡിഎംകെ. മുഖ്യമന്ത്രി എം കെ സ്റ്റാലിന്റെ കുടുംബത്തിൽ ഇതുസംബന്ധിച്ച് ധാരണയായെന്നും ഈ ആഴ്ച തന്നെ ഉദയനിധി സ്റ്റാലിനെ ഉപമുഖ്യമന്ത്രിയായി പ്രഖ്യാപിക്കാൻ സാദ്ധ്യതയുണ്ടെന്നുമാണ് വിവരം. കുറച്ച് ദിവസം മുൻപ് ഉദയനിധി സ്റ്റാലിനെ ഉപമുഖ്യമന്ത്രിയാക്കുന്നതിനെക്കുറിച്ച് എം കെ സ്റ്റാലിൻ സൂചന നൽകിയിരുന്നു. പിന്നാലെയാണ് ഇന്ന് തീരുമാനമുണ്ടായത്.

നടൻ വിജയ് തമിഴ്നാട്ടിൽ പാർട്ടി രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനിടയിലാണ് ഡിഎംകെയുടെ ഭാഗത്ത് നിന്ന് ഇങ്ങനെയൊരു നീക്കം ഉണ്ടായിരിക്കുന്നതെന്ന് ശ്രദ്ധേയം. നിങ്ങൾ വിചാരിക്കുന്ന കാര്യം സംഭവിക്കുന്ന സാഹചര്യമുണ്ടാകുമെന്നായിരുന്നു അമേരിക്കയിൽ നിന്ന് തിരിച്ചെത്തിയ സ്റ്റാലിൻ മാദ്ധ്യമങ്ങളോട് പ്രതികരിച്ചത്. മന്ത്രിസഭ പുനഃസംഘടന ഉണ്ടാകുമോയെന്ന് ചോദ്യത്തോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

ഉദയനിധി സ്റ്റാലിനെ ഉപമുഖ്യമന്ത്രിയാക്കുമെന്ന് നേരത്തെയും റിപ്പോർട്ടുകൾ വന്നിരുന്നെങ്കിലും അന്ന് ഔദ്യോഗിക സ്ഥിരീകരണം ഉണ്ടായില്ല. നിലവിൽ യുവജനക്ഷേമ, കായിക വകുപ്പ് മന്ത്രിയാണ് ചലച്ചിത്രതാരം കൂടിയായ ഉദയനിധി സ്റ്റാലിൻ. കരുണാനിധി മുഖ്യമന്ത്രിയായിരിക്കെ 2009ലെ ലോക്സഭാ തിരഞ്ഞെടുപ്പിന് പിന്നാലെയാണ് സ്റ്റാലിനെ ഉപമുഖ്യമന്ത്രിയാക്കിയത്.

സ്റ്റാലിന്റെ പാത തന്നെ ഉദയനിധിയും പിന്തുടരുമെന്നാണ് റിപ്പോർട്ട്. ഭരണത്തിൽ പിതാവിനെ സഹായിക്കുന്നതാണ് സ്ഥാനക്കയറ്റത്തിലൂടെ ലക്ഷ്യം വയ്ക്കുന്നതെന്നാണ് ദേശീയ മാദ്ധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത്. ഡിഎംകെയുടെ യുവജന വിഭാഗം നേതാവായ ഉദയനിധി ചെപ്പോക്ക് –തിരുവല്ലിക്കേനി മണ്ഡലത്തിൽ നിന്നുള്ള എംഎൽഎയാണ്. 2022 ഡിസംബറിലാണ് അദ്ദേഹം മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തത്.

അതിഷിക്ക് നറുക്ക് വീണത് ചുമ്മാതല്ല; ബി.ജെ.പിയെ പൂട്ടാനുള്ള കെജ്രിവാളിന്റെ മാസ്റ്റർ പ്ലാൻ?

ഡൽഹി: ഡൽഹിയുടെ പുതിയ മുഖ്യമന്ത്രിയായി രാജ്യതലസ്ഥാനത്തെ ഭരണം കൈയ്യാളാൻ അതിഷി എത്തുകയാണ്. തന്റെ പിൻഗാമിയായി അതിഷിയെ നിർദേശിച്ചതാകട്ടെ രാഷ്ട്രീയ ചാണക്യനായ അരവിന്ദ് കെജ്രിവാൾ തന്നെ. പാർട്ടിയിലെ മറ്റ് മുതിർന്ന നേതാക്കളെ പോലും മാറ്റിനിർത്തി മന്ത്രിസഭയുടെ തലപ്പത്തേക്ക് അതിഷിക്ക് നറുക്ക് വീണതിന് പിന്നിൽ വലിയ രാഷ്ട്രീയ ലക്ഷ്യമുണ്ടെന്ന കാര്യത്തിൽ തർക്കമില്ല. മദ്യനയ അഴിമതിക്കേസിൽ അറസ്റ്റിലായപ്പോൾ പോലും രാജിവെക്കാതെ, ഒടുവിൽ മാസങ്ങൾ നീണ്ട ജയിൽവാസത്തിനൊടുവിൽ ജാമ്യം ലഭിച്ചപ്പോൾ അപ്രതീക്ഷിത രാജിയിലൂടെ ഞെട്ടിച്ച കെജ്രിവാൾ, തന്റെ വിശ്വസ്തയായ അതിഷിയെ മുൻനിർത്തി പയറ്റാൻപോകുന്ന ഗെയിം പ്ലാൻ എന്തായിരിക്കും? അഴിമതിക്കേസിൽ പ്രതിസന്ധിയിലായ എഎപിയെ ട്രാക്കിലാക്കാൻ കെജ്രിവാളിൽ നിന്ന് ബാറ്റൺ ഏറ്റെടുത്ത അതിഷിക്ക് സാധിക്കുമോ?

ഒരുഭാഗത്ത് കെജ്രിവാളിന്റേയും പാർട്ടിയിലെ രണ്ടാമനായ മനീഷ് സിസോദിയയുടെയും അറസ്റ്റ്. മറുഭാഗത്ത് വലിഞ്ഞുമുറുക്കി കേന്ദ്ര ഏജൻസികളുടെ തുടരന്വേഷണം, ലെഫ്റ്റനന്റ് ഗവർണറുടെ നിയന്ത്രണങ്ങൾ.

ഈ പ്രതിസന്ധി ഘട്ടത്തിലെല്ലാം എതിരാളികൾക്ക് തക്കതായ മറുപടി കൊടുത്ത് പാർട്ടിയെ താങ്ങിനിർത്തയിത് അതിഷിയാണ്. കെജ്രിവാളിന്റെ അപ്രതീക്ഷിത രാജിയും അതിഷിയുടെ കടന്നുവരവും വെറും രാഷ്ട്രീയ നാടകവും പി.ആർ സ്റ്റണ്ടുമാണെന്നാണ് ബിജെപിയുടെ ആക്ഷേപം. എന്നാൽ കൃത്യമായ ഗെയിം പ്ലാൻ തനിക്കുണ്ടെന്ന സൂചനയാണ് അതിഷിയെ ഭരണം ഏൽപ്പിച്ച് പാർട്ടി നേതൃത്വത്തിലേക്ക് മടങ്ങിയ കെജ്രിവാളിന്റെ നീക്കം.

റോഡ് മുറിച്ചുകടക്കുന്നതിനിടയിൽ സ്കൂട്ടർ ഇടിച്ച് മധ്യവയസ്കയ്ക്ക് പരിക്ക്

ഗുരുവായൂർ :പള്ളി റോഡിൽ, റോഡ് ക്രോസ് ചെയ്യുന്നതിനിടയിൽ സ്കൂട്ടർ തട്ടി പരിക്ക് പറ്റിയ കാൽനടയാത്രക്കാരി തമിഴ്നാട് സ്വദേശിനി കൃഷ്ണ വേലി(56) ക്ക് പരിക്കുപറ്റി.

കൃഷ്ണവേണിയെ ഗുരുവായൂർ ACTS പ്രവർത്തകർ ചാവക്കാട് താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പിന്നീട് ഡോക്ടറുടെ നിർദ്ദേശപ്രകാരം ചാവക്കാട് ഹയാത്ത് ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചു.

ഇരിങ്ങാലക്കുട ചെയർപേഴ്സൺ രാജി വെച്ചു

ഇരിങ്ങാലക്കുട : ഇരിങ്ങാലക്കുട നഗരസഭാ ചെയർപേഴ്സൺ സുജസജീവ് കുമാർ ഇന്ന് രാജിവച്ചു. യു.ഡി.എഫ്. ധാരണപ്രകാരമാണ് രാജി. മേരി ക്കുട്ടി ജോയ്ആയിരിക്കും അടുത്ത ചെയർപേഴ്സൺ.

വന്ദേഭാരതിന് പച്ചക്കൊടി വീശി; പിന്നാലെ ട്രാക്കിലേക്ക് വീണ് ബി.ജെ.പി വനിത എം.എൽ.എ

ലക്നോ: ആഗ്ര വാരണാസി വന്ദേഭാരത് എക്സ്പ്രസിന് പച്ചക്കൊടി വീശവേ റെയിൽവേ ട്രാക്കിലേക്ക് മറിഞ്ഞുവീണ് ബി.ജെ.പി എം.എൽ. എ. ഉത്തർപ്രദേശിലെ ഇത്താവാ മണ്ഡലം എം.എൽ.എ സരിത ബാഗ്ദുരിയയാണ് ആൾക്കൂട്ടത്തിനിടെ റെയിൽവേ ട്രാക്കിലേക്ക് മറിഞ്ഞുവീണത്. സംഭവത്തിൻറെ വിഡിയോ സമൂഹ മാധ്യമത്തിൽ വ്യാപകമായി പ്രചരിക്കുകയാണ്.

പ്രധാനമന്ത്രി ഓൺലൈനായി ട്രെയിൻ സർവീസ് ഉദ്ഘാടനം നിർവഹിച്ചതിനു പിന്നാലെയാണ് സംഭവം. 20175 എന്ന വന്ദേഭാരത് ട്രെയിനിന് പച്ചക്കൊടി വീശിയത് റെയിൽവേ മന്ത്രി റവ്നീത് സിങ് ബിട്ടുവായിരുന്നു. അതിനിടെ എം.എൽ.എ സരിതയടക്കം ചിലരുടെ കയ്യിലും പച്ചക്കൊടി കാണാം. കൊടി വീശിയതിനു പിന്നാലെ തിക്കിലും തിരക്കിലുംപെട്ട് എം.എൽ.എ ട്രാക്കിലേക്ക് മറിഞ്ഞുവീഴുകയായിരുന്നു. ട്രെയിൻ പുറപ്പെടും മുൻപ് ഹോൺ അടിക്കവേ പ്ലാറ്റ്ഫോമിലുണ്ടായിരുന്ന അണികൾ ബഹളം കൂട്ടിയതാണ് കാരണം.

കൃത്യസമയത്ത് ട്രെയിൻ നിർത്താനായത് വലിയ അപകടമാണ് ഒഴിവാക്കിയത്. തലനാരിഴയ്ക്കാണ് എം.എൽ.എ രക്ഷപ്പെട്ടത്. ഉടൻ തന്നെ സുരക്ഷാ ഉദ്യോഗസ്ഥരടക്കം ഇടപെട്ട് എം.എൽ.എയെ ട്രാക്കിനു വെളിയിലെടുത്തു. വന്ദേഭാരത് ഉദ്ഘാടനച്ചടങ്ങ് കഴിയുംവരെ വേദിയിലുണ്ടായിരുന്ന എം.എൽ.എ ഇതിനുശേഷം ആശുപത്രിയിൽ ചികിത്സ തേടി.

നിലവിൽ വീട്ടിൽ വിശ്രമത്തിലാണ് എം.എൽ.എ എന്നാണ് വിവരം.

ഇന്ന് പേജർ ബോംബുകൾ, നാളെ അത് മൊബൈൽ ഫോൺ ബോംബുകളാവാം

ബൈറൂട്ട്: സാങ്കേതിക പരിജ്ഞാനവും ഒപ്പം ക്രിമിനൽ മനസുമുണ്ടെങ്കിൽ ഈ ലോകം തന്നെ ഞൊടിയിടയ്ക്കുള്ളിൽ ഇല്ലാതാക്കാം. അതിനുള്ള ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് ലെബനനിൽ കഴിഞ്ഞദിവസം ഉണ്ടായ പേജർ സ്ഫോടന പരമ്പരകൾ. ഒൻപതുപേരുടെ ജീവൻ നഷ്ടമായതിനൊപ്പം മൂവായിരത്തോളം പേർക്ക് പരിക്കേൽക്കുകയും ചെയ്തു. മരണസംഖ്യയും പരിക്കും കുറവാണെങ്കിലും പേജർ സ്ഫോടന പരമ്പര യെന്ന പുതിയ ആക്രമണ രീതിയെ ഞെട്ടലോടെയാണ് ലോകം കേട്ടത്. ഇപ്പോൾ നടന്നത് ഒരു ടെസ്റ്റ് ഡോസാണെന്ന് കരുതുന്നവരുടെ എണ്ണവും ചെറുതല്ല. ഹിസ്ബുള്ളയെ ലക്ഷ്യം വച്ച് ഇസ്രയേലിന്റെ ചാര സംഘടനയായ മൊസാദാണ് ആക്രമണം നടത്തിയതെന്നാണ് റിപ്പോർട്ടുകളെല്ലാം വ്യക്തമാക്കുന്നത്. എന്നാൽ ഇസ്രയേൽ ഇതുവരെ പ്രതികരിച്ചിട്ടില്ല. ഇന്ന് ഭരണകൂടവും അവരുടെ ചാര സംഘടനയുമാണ് പ്രതിക്കൂട്ടിലുള്ളതെങ്കിലും നാളെ ഇതേ ആക്രമണ രീതി ഭീകരർ സാധാരണ ജനങ്ങൾക്കെതിരെയും ഭരണാധികാരികൾക്കെതിരെയും പ്രയോഗിച്ചേക്കുമോ എന്ന ആശങ്ക കനക്കുകയാണ്.

മൊബൈൽ ഫോണിന്റെ വരവിന് തൊട്ടുമുമ്പ് അവതരിക്കുകയും പൊടുന്നനെ അകാലചരമം പ്രാപിക്കുകയും ചെയ്ത ഒരു കമ്യൂണിക്കേഷൻ ഉപകരണമാണ് പേജർ. ഇന്നത്തെ യുവ തലമുറയിലെ പലരും പേജർ കണ്ടിരിക്കാൻ വഴിയില്ല. മൊബൈൽ ഫോണുകളുടെ ആദിമരൂപം എന്നാണ് പേജറുകളെ വിശേഷിപ്പിക്കുന്നത്. ചെറിയ സന്ദേശങ്ങൾ അയയ്ക്കാൻ മാത്രമാണ് കഴിഞ്ഞിരുന്നത്. സന്ദേശങ്ങൾ വരുമ്പോൾ അത് ഡിസ്പ്ലേയിൽ തെളിയുന്നതിനൊപ്പം ചെറിയ ബീപ് ശബ്ദവും കേൾക്കുമായിരുന്നു. അരയിൽ ബെൽറ്റിനൊപ്പമോ ഷർട്ടിന്റെ പോക്കറ്റിനുള്ളിലോ ആരുടെയും ശ്രദ്ധയിൽപ്പെടാതെ ഈ ഇത്തിരിക്കുഞ്ഞൻ ഒതുങ്ങുകയും ചെയ്തിരുന്നു.

മൊബൈൽ ഫോണുകളുമായി തട്ടിച്ചുനോക്കുമ്പോൾ വളരെ കുറഞ്ഞ ഫീച്ചറുകൾ മാത്രമാണ് ഉള്ളതെങ്കിലും വലിയ കവറേജ് ഏരിയ ലഭിക്കുന്നതിനാൽ എവിടെയും ഉപയോഗിക്കാൻ കഴിയുമായിരുന്നു. മൊബൈൽ ഫോൺ സിഗ്നലുകളെ പിന്തുടരാൻ കഴിയുമെങ്കിലും പേജറിനെ ട്രേസ് ചെയ്യാൻ ഏറെ പ്രയാസമാണ്. അതിനാലാണ് ഹിസ്ബുള്ള പോലുള്ള ഗ്രൂപ്പുകൾ ഇപ്പോഴും പേജറുകൾ ഉപയോഗിക്കുന്നത്.

ഹിസ്ബുള്ള ഉൾപ്പടെയുള്ള പല ഭീകര ഗ്രൂപ്പുകളും മൊബൈൽഫോൺ ഉപയോഗിക്കാറില്ല. സൈന്യത്തിനും ചാരന്മാർക്കും ട്രേസ് ചെയ്യാൻ എളുപ്പമായതിനാലാണിത്. ബോംബ് നിർമ്മാണത്തിൽ തങ്ങളുടെ തലതൊട്ടപ്പനായിരുന്ന 'യഹ്യ അയ്യാഷിൻ' മൊബൈൽ പൊട്ടിത്തെറിച്ച് കൊല്ലപ്പെട്ടതോടെയാണ് ഹിസ്ബുള്ള മൊബൈലിന് അയിത്തം കൽപ്പിച്ചത്. സാധാരണ അംഗങ്ങൾ ഉൾപ്പെടെ ആരും മൊബൈൽ ഉപയോഗിക്കരുതെന്ന കർശന നിർദ്ദേശവും സംഘടന നൽകിയിട്ടുണ്ട്. അതിപ്പോഴും തുടരുന്നുണ്ട്.

പേജർ ആക്രമണങ്ങൾക്കുപിന്നിൽ ആരെന്നോ എങ്ങനെയാണ് ആക്രമണം നടത്തിയതെന്നോ ഇപ്പോഴും വ്യക്തമല്ല. എന്നാൽ പേജർ സ്ഫോടനം നടത്താൻ പല വഴികൾ ഉണ്ടെന്നാണ് വിഗ്ധർ പറയുന്നത്. സൈബർ ആക്രമണത്തിലൂടെ പേജറുകളുടെ ബാറ്ററികൾ അമിതമാക്കി ചൂടാക്കി പൊട്ടിത്തെറിപ്പിക്കാം എന്നതാണ് കൂടുതൽപ്പേരും ചൂണ്ടിക്കാണിക്കുന്നത്. നിർമ്മാണത്തിനിടെയുള്ള നുഴഞ്ഞുകയറ്റമാണ് മറ്റൊരു വഴി. അതായത് സ്ഫോടനം നടത്തിയവർ പേജർ നിർമ്മിക്കുന്ന കമ്പനികളുമായി ചില രഹസ്യ ധാരണകൾ ഉണ്ടാക്കുന്നു. പണം നൽകിയോ, ഭീഷണിപ്പെടുത്തിയോ ഒക്കെയാവാം ഇത്. ഇങ്ങനെയുണ്ടാക്കുന്ന ധാരണപ്രകാരം സ്ഫോടക വസ്തുക്കൾ പേജറുകൾക്കുള്ളിൽ ഒളിപ്പിക്കുന്നു. പെന്ററിത്രിറ്റോൾ ടെട്രാനൈട്രേറ്റ് എന്നറിയപ്പെടുന്ന പൊട്ടിത്തെറിക്കാൻ കഴിവുള്ള വസ്തുക്കളാണ് ഇത്തരത്തിൽ ഉപയോഗിക്കുന്നത്. വിദൂര നിയന്ത്രണ റേഡിയോ സിഗ്നലുകളുടെ സഹായത്തോടെ ഇവയെ പൊട്ടിത്തെറിപ്പിച്ചതായിരിക്കാം. ബാറ്ററികൾക്കുള്ളിലാണ് ഇത്തരം സ്ഫോടക വസ്തുക്കൾ ഒളിപ്പിക്കാൻ കൂടുതൽ സാദ്ധ്യതയും എളുപ്പവും. സ്ഫോടക വസ്തുക്കൾ ഒളിപ്പിച്ച ഒരു ബാറ്ററിയിലെ പകുതി സ്ഫോടനാത്മകവും മറുപകുതി യഥാർത്ഥ ബാറ്ററിയുമായിരിക്കും. നിർമ്മാതാക്കൾക്കല്ലാതെ മറ്റാർക്കും ഇത് കണ്ടുപിടിക്കാനും കഴിയില്ല.

ഇന്നലെ നടന്ന ആക്രമണത്തിലും ഇതുപോലുള്ള ഇടപെടൽ ഉണ്ടായിട്ടുണ്ടാവാം എന്നാണ് കരുതുന്നത്. തായ്‌വാനിൽ നിന്നുള്ള ഒരു കമ്പനിയുടെ പേജറാണ് ഹിസ്ബുള്ള ഉപയോഗിച്ചതെന്നാണ് റിപ്പോർട്ട്. നിർമാണ ഘട്ടത്തിലോ കമ്പനിയിൽ നിന്ന് വാങ്ങിയ പേജറുകൾ ഹിസ്ബുള്ളയുടെ കൈകളിൽ എത്തുന്നതിന് മുമ്പോ അട്ടിമറി നടന്നിരിക്കാം എന്നാണ് സംശയിക്കുന്നത്. എന്നാൽ ഇക്കാര്യത്തിൽ ഇതുവരെ വ്യക്തത വന്നിട്ടില്ല.

വിതരണ ശൃംഖല ആക്രമണങ്ങൾ സൈബർ സുരക്ഷാ ലോകത്തെ പുതിയ ആശങ്കയാണ്. വളരെ എളുപ്പത്തിൽ ഏറ്റവും മാരകമായി ഉപയോഗിക്കാം എന്നതാണ് ഈ രീതിയുടെ ഏറ്റവും വലിയ പ്രത്യേകത. ഭീകര ഗ്രൂ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

സർക്കാർ വൃദ്ധ മന്ദിരത്തിലെ ഓണാഘോഷത്തിൽ അന്തേവാസികൾക്കൊപ്പം പാട്ട് പാടി DLSA സെക്രട്ടറി

തൃശൂർ: ജില്ലാ നിയമ സേവന അതോറിറ്റിയുടെ ഓണാഘോഷം രാമവർമ്മപുരം സർക്കാർ വൃദ്ധമന്ദിരത്തിലെ 70 ലധികം വരുന്ന അന്തേവാസികൾക്കൊപ്പം ആഘോഷിച്ചു. പരിപാടി ജില്ലാ നിയമ സേവന അതോറിറ്റി സെക്രട്ടറിയും സബ്ജഡ്ജുമായ സരിത രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു. കാലത്ത് 10മണി മുതൽ അന്തേവാസികളുടെ ബന്ധുക്കളെ കാണാനുള്ള അദാലത്ത് സംഘടിപ്പിച്ചു. ഉച്ചയ്ക്ക് പാനൽ അഡ്വ.രഘുനാഥ്. സ്പോൺസർ ചെയ്ത വിഭവ സമൃദ്ധമായ ഓണസദ്യ അന്തേവാസികൾക്കായി ഒരുക്കി. ഉച്ചയ്ക്ക് കലാപരിപാടികൾ ജില്ല നിയമസേവന അതോറിറ്റി സെക്രട്ടറിയും നസബ് ജഡ്ജുമായ സരിത രവീന്ദ്രന്റെയും വൃദ്ധസദനം സൂപ്രണ്ട് രാധികയുടെയും നേതൃത്വത്തിൽ നടന്നു. അന്തേവാസികളും തൃശ്ശൂർ govt ലോ കോളജ് വിദ്യാർഥികളുടെ കലാപരിപാടികൾ അവതരിപ്പിച്ചു. അന്തേവാസികൾ മദർ തെരേസയുടെ ലഘുനാടകം അവതരിപ്പിച്ചു. നിയമ വിദ്യാർത്ഥിയും അച്ഛനമ്മമാരും ഓണപ്പാട്ടുകളും കളികളും കളിച്ചപ്പോൾ സബ്ജഡ്ജ് അവർക്കൊപ്പം പാട്ടുപാടിയത് ആഘോഷത്തിന് മാറ്റുകൂട്ടി. ജില്ലാ മീഡിയേഷൻ സെന്ററിലെ അഭിഭാഷകരും ഉഘടഅ സ്റ്റാഫും PLV മാരും ചേർന്ന് അച്ഛന്മമാർക്ക് ഓണക്കോടിയും വാങ്ങി നല്കി. ഓണം സന്തോഷത്തിന്റെയും ഒത്തൊരുമയുടെയും ആഘോഷമാണെന്ന് സബ്ജഡ്ജ് പറഞ്ഞു. അദാലത്തിനിടയിൽ സബ്ജ കളക്ടർ എത്തിയത് ആഘോഷത്തിന് മാറ്റുകൂട്ടി. PLV അമ്പിളി കോർഡിനേറ് ചെയ്ത പരിപാടിയിൽ PLVമരായ ശ്രീകുമാർ, പുഷ്പം, ലീഗൽ അസിസ്റ്റന്റ് adv വിനീത തമ്പി എന്നിവരും പങ്കെടുത്തു.

പ്രവാചകധ്യാപനം ചരിത്രത്തിൽ തുല്യതയില്ലാത്തത് : അൻവർ മുഹ് യദ്ധീൻ ഹുദവി

വടക്കേക്കാട് :പരിശുദ്ധ പ്രവാചകന്റെ ജീവിതവും ദർശനവും എന്നും കാലികപ്രസക്തവും നാളിതുവരെ ചരിത്രത്തിൽ തുല്യതയില്ലാത്തതുമാണെന്ന് നഹ്ജുറഷാദ് ഇസ്ലാമിക് അക്കാദമി വൈസ് പ്രിൻസിപ്പൽ അൻവർ മുഹ് യദ്ധീൻ ഹുദവി പറഞ്ഞു.

വൈലത്തൂർ മഹല്ല് കമ്മിറ്റിയുടെ നേതൃത്വത്തിൽ നബിദിനാഘോഷത്തിന്റെ ഭാഗമായി ദിദിന മിലാദുന്നബി പരിപാടിയുടെ ഔദ്യോഗിക ഉത്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

മനുഷ്യമനസ്സുകൾക്കിടയിൽ ജാതിയതയുടെയും വർണ്ണ, വർഗ്ഗ, ഭാഷ വിവേചനത്തിന്റെയും വൻ മതിലുകൾ ഉയർന്നു വരുന്ന വർത്തമാനകാലത്ത് പ്രവാചകധ്യാപനങ്ങൾക്ക് ഏറെ പ്രസക്തിയുണ്ടെന്നും,ലോകത്ത് അന്യം നിന്നു പോകുന്ന കരുണയും കാരുണ്യവും മനവീകതയും ഓരോ മീലാദ് സംഗമങ്ങളിൽ ചർച്ച ചെയ്യുകയും സ്വജീവിതത്തിൽ പ്രാവർത്തികമാക്കാൻ ഓരോ മീലാദ് സംഗമങ്ങളിലും നാം പ്രതിജ്ഞയെടുക്കണമെന്നും അദ്ദേഹം പറഞ്ഞു.

മഹല്ല് പ്രസിഡന്റ് കാസിം ഹാജിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം വൈലത്തൂർ മസ്ജിദ് ചീഫ് ഇമാം മുഹമ്മദ് ഷാഫി ഹൈതമി മുഖ്യ പ്രഭാഷണം നടത്തി.

പുലർച്ചെ നാല് മണിക്ക് വൈലത്തൂർ ജുമാ മസ്ജിദിൽ ഉസ്താദ് മുഹമ്മദ്ഷാഫി ഹൈതമിയുടെ നേതൃത്വത്തിൽ മൗലീദ്, പ്രാർത്ഥനസദസ്സും, കാലത്ത് ഏഴ് മണിക്ക് മഹ് ദനുൽ ഉലൂം മദ്രസ്സ അങ്കണത്തിൽ മഹല്ല് പ്രസിഡന്റ് എൻ.എ കാസിം ഹാജി പതാക ഉയർത്തുകയും ചെയ്തു. തുടർന്ന് നബിദിന സന്ദേശഘോഷയാത്രയും ശേഷം അന്നദാനവിതരണവും നടന്നു.

വൈകുന്നേരം രണ്ട് മണിക്ക് മദ്രസ്സ ഹാളിൽ നടന്ന നബിദിന പൊതുസമ്മേളനത്തിൽ മഹല്ല് വൈസ് പ്രസിഡന്റ് മൂസ്സ മാസ്റ്റർ അദ്ധ്യക്ഷത വഹിക്കുകയും ശുഹൈൽ ഫൈസി ഉത്ഘാടനം ചെയ്യുകയും ചെയ്തു.മഹല്ല് ജനറൽ സെക്രട്ടറി കലാം കൊടവനയിൽ, മദ്രസ്സ സെക്രട്ടറി ജലീൽ വെട്ടിശേരി,ഉമ്മർ ചേപ്പുള്ളി, ഹംസ മുണ്ടോക്കിൽ,കെ ബീർ, മുഹമ്മദാലി, ഒ എം കാദർ,യൂസഫ് മുസ്ലിയാർ, സാദിഖ് മുസ്ലിയാർ സിദ്ദിഖ് ഫൈസി,ബാദുഷ ലത്തീഫി , നൂറ് മുഹമ്മദ് ഉലൂമി,സഫീർ ഫൈസി എന്നിവർ പ്രസംഗിച്ചു.

മദ്രസ്സ വിദ്യാർത്ഥികളുടെ പ്രത്യേകം തയ്യാറാക്കിയ പൗരാണിക ഇൻഡോ അറബ് കലാ സാംസ്കാരിക രൂപങ്ങൾ പ്രദർശിപ്പിച്ച എക്സ്പോ 2024 പവലിയനും, മറ്റു വിവിധ കലാമത്സരങ്ങളും നടന്നു.കഴിഞ്ഞ വർഷത്തിൽ പ്രതിഭപുരസ്കാരങ്ങൾ നേടിയ വിദ്യാർത്ഥികളെ ആദരിക്കുകയും,മത്സാരാർഥികൾക്ക് സമ്മാനവിതരണവും നടത്തി.പരിപാടികൾക്ക് മഹല്ല് കമ്മിറ്റി ഭാരവാഹികളും,അദ്ധ്യാപകരും,പൂർവ്വവിദ്യാർത്ഥികളും നേതൃത്വം നൽകി.

ബി. കെ. ധനലക്ഷ്മി മൾട്ടി സ്റ്റേറ്റ് അഗ്രി കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഓണാഘോഷവും ബി.കെ.ഡി എഫ്.എം.സി.ജി ഉൽപ്പന്നങ്ങളുടെ വിപണനോദ്ഘാടനവും നടന്നു

ആലത്തൂർ: ഓണാഘോഷത്തോടനുബന്ധിച്ച് ബി. കെ. ധനലക്ഷ്മി മൾട്ടി സ്റ്റേറ്റ് അഗ്രി കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ആലത്തൂരിലെ ഫാമിൽ നടന്ന ചടങ്ങിന്റെ ഉദ്ഘാടനം എംഎൽഎ കെ.ഡി. പ്രസേനൻ നിർവ്വഹിച്ചു. സൊസൈറ്റിയുടെ ബി.കെ.ഡി നിത്യോപയോഗ സാധനങ്ങളായ സ്റ്റീമ്ഡ് പുട്ടുപൊടി, പത്തിരിപൊടി, ഈസി പാലപ്പം മിക്സ്, റോസ്റ്റഡ് റവ, സ്റ്റീമ്ഡ് ഗോതമ്പ് പുട്ടുപൊടി, ചെമ്പ പുട്ടുപൊടി എന്നിവയുടെ വിപണനോദ്ഘാടനമാണ് നടന്നത്. കൂടാതെ നൂറിൽപരം കുടുംബങ്ങൾക്ക് ഓണക്കിറ്റ് വിതരണം ചെയ്തു. തേങ്കുറിശി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആർ. ഭാർഗവൻ അദ്ധ്യക്ഷത വഹിച്ചു. പഞ്ചായത്തംഗം സി. സതീഷ്, ചലച്ചിത്രതാരം ലിയോണ ലിഷോയ്, സിനിമ സീരിയൽ താരങ്ങളായ ലിഷോയ്, ആനന്ദ്, സൊസൈറ്റി ചെയർമാൻ പി.എസ്. ബിന്ദുകുട്ടൻ, വൈസ് ചെയർപേഴ്സൺ പ്രവീണ വിജയൻ, മാനേജിംഗ് ഡയറക്ടർ ഇ. ദിലീപ് ദാസ്, സി.ഇ.ഒ സ്നോപി ബിന്ദുകുട്ടൻ എന്നിവർ സന്നിഹിതരായി. തുടർന്ന് നടന്ന സൊസൈറ്റിയുടെ ഓണാഘോഷം വർണാഭമായി. ജീവനക്കാരുടെ തിരുവാതിരക്കളി, വടംവലി, കസേരകളി തുടങ്ങിയ കലാ കായിക മത്സരങ്ങൾ ആഘോഷത്തിന്റെ മാറ്റ് കൂട്ടി. വിഭവസമൃദ്ധമായ സദ്യയും ഒരുക്കിയിരുന്നു. കേരളത്തിലെ ഏറ്റവും വലിയ ഫാമുകളിൽ ഒന്നാണ് ആലത്തൂർ നെല്ലിക്കൽകാടുള്ള ബി. കെ. ധനലക്ഷ്മി മൾട്ടി സ്റ്റേറ്റ് അഗ്രി കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടേത്. പന്ത്രണ്ടര ഏക്കർ സ്വന്തം ഭൂമിയിൽ വ്യാപിച്ചു കിടക്കുന്ന ഫാമിൽ ഇരുനൂറിലധികം പശുക്കളും നൂറ്റിയമ്പതിലധികം ആടുകളും അൻപതിനായിരത്തിലധികം മീനുകളും നാൽപ്പതിനായിരത്തിലധികം കോഴികളും രണ്ടായിരത്തിലധികം ആയുർ ജാക്ക് പ്ലാവുകളുമാണുള്ളത്. കേന്ദ്രസർക്കാരിന്റെ സഹകരണ വകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്താണ് സൊസൈറ്റിയുടെ പ്രവർത്തനം.

സ്ത്രീകരുത്തിന്റെ കനൽക്കാറ്റായി 'ഗംഗ' നിറഞ്ഞ സദസിൽ അവതരണം

തൃശൂർ: പുണ്യനദിയായ ദേവസങ്കൽപ്പ ഗംഗ മനുഷ്യസ്ത്രീയായിരുന്നെങ്കിൽ. ക്ഷമയുടെ, സഹനത്തിന്റെ മാതൃഭാവവും പ്രണയത്തിന്റെ കാമുകീ ഭാവവും ദൈവീകതയുടെ ഭക്തിയും. വിരഹവേദന അനുഭവിക്കുമ്പോഴും മറ്റുള്ളവർക്ക് മോക്ഷത്തിനായി സമർപ്പിതയായി ഒഴുകുന്ന ഗംഗ. സ്ത്രീകരുത്തിന്റെ കനലായി സാംസ്കാരിക നഗരിയുടെ ഓണനാളിന്റെ ആഘോഷങ്ങളെ സമ്പന്നമാക്കി അരങ്ങിലെ 'ഗംഗ'. അന്താരാഷ്ട്രരംഗത്തെ യുവ നർത്തകി മറീന ആന്റണിയാണ് 'ഗംഗ'യെന്ന നൃത്തരൂപം അരങ്ങിലെത്തിയത്. ചൊവ്വാഴ്ച തൃശൂർ സംഗീതനാടക അക്കാദമി റീജ്യണൽ തിയേറ്ററിൽ നിറഞ്ഞ സദസിലായിരുന്നു ഗംഗയുടെ അവതരണം. മറീന ആന്റണിയുടെ കേരളത്തിലെ ഇടവേളക്ക് ശേഷമുള്ള വേദി കൂടിയായിരുന്നു തൃശൂരിലെ ഗംഗയുടെ വേദി. ഭരതനാട്യത്തിൽ വ്യവസ്ഥാപിത ചുവടുകൾക്കും ഭാവങ്ങൾക്കും മുദ്രകൾക്കും ലളിതമായ രംഗഭാഷ്യമൊരുക്കിയായിരുന്നു ഗംഗയുടെ അവതരണ രീതി. നാട്യശാസ്ത്രരീതികൾ പരിചിതമല്ലാത്ത സാധാരണക്കാർക്ക് പോലും ഏറ്റവും എളുപ്പത്തിൽ മനസിലാക്കാവാനാവുന്ന ലളിതഭാഷ്യം ക്ളാസിക്കൽ നൃത്തരംഗത്ത് ഇതാദ്യമാണ്. സ്വർഗപുത്രികളായായാലും ദേവാംഗനകൾ പ്രണയത്തിന്റെ കാര്യത്തിൽ

മനുഷ്യസ്ത്രീകളെപ്പോലെയാണെന്ന സങ്കല്പമാണ് 'ഗംഗ' യെന്ന 45 മിനുട്ട് ദൈർഘ്യമുള്ള നൃത്ത രൂപത്തിനാധാരം. പ്രമുഖ നൃത്തകലാകാരൻ ആർ.എൽ.വി ആനന്ദ് ചിട്ടപ്പെടുത്തി നൃത്തസംവിധാനം ചെയ്ത 'ഗംഗ'ക്ക് രാജീവ് ആലുങ്കലിന്റെ വരികൾക്ക് ഗുരുവായൂർ ഭാഗ്യലക്ഷ്മിയുടെ സംഗീതവും ആലാപനവും. മുരളി തയ്യിൽ ആണ് വെളിച്ചവും അരങ്ങുമൊരുക്കിയത്. മറീന ആന്റണിയെ ഗംഗയാക്കിയ വസ്ത്രാലങ്കാരം സുന്ദർമഹാളും മേക്കപ്പ് രാധു ലഷ്ലൈഫും നിർവഹിച്ചു. വിദേശരാജ്യങ്ങളിലെ തിരക്കേറിയ നൃത്തകലാകാരിയായ മറീന ആന്റണി ഇടവേളക്ക് ശേഷമാണ് കേരളത്തിലെ അരങ്ങിലെത്തുന്നത്. യു.എസിലെ സാംസ്കാരിക വേദിയായ മിത്രാസ് ആർട്സ് ആണ് തൃശൂരിലെ ഗംഗയുടെ അവതരണത്തിന് വേദിയൊരുക്കിയത്. പ്രശസ്ത നൃത്ത ഗുരു ആർ.എൽ.വി ആനന്ദിന്റെയും അന്തരിച്ച രവി മാസ്റ്ററുടെയും നാടോടി നൃത്തരൂപങ്ങളുടെ ശിഷ്യയാണ്. അഞ്ചാം വയസിൽ തുടങ്ങിയ നൃത്ത പഠനം, നിരവധി അവാർഡുകളും അംഗീകാരങ്ങളും നേടിയിട്ടുണ്ട്. ഗുരുവായൂർ ഏകാദശി നൃത്ത സംഗീതോത്സവം, ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ബാംഗ്ലൂർ, മിത്രാസ് ഫെസ്റ്റിവൽ ന്യൂജേഴ്സി, കോഴിക്കോട് സമൂതിരി ഫെസ്റ്റിവൽ, വേൾഡ് മലയാളി ഗ്ലോബൽ കോൺഫറൻസ് തുടങ്ങി ഇന്ത്യയിലും വിദേശത്തുമുള്ള വിവിധ നൃത്തോത്സവങ്ങളിൽ മെറീന സ്ഥിരം അവതാരകയാണ്. എഞ്ചിനീയറാണ് മറീന ആന്റണി. പദ്മ സുബ്രഹ്മണ്യം ഭരതനാട്യത്തിലും ഗുരു വൈജയന്തി കാശി കുച്ചിപ്പുഡിയും അഭ്യസിച്ചു. ശാസ്ത്രീയ നൃത്തങ്ങൾക്കായുള്ള ഇന്ത്യയിലെ പ്രശസ്ത സർവകലാശാലകളിലൊന്നായ സിലിക്കൺ ആന്ധ്രാ സർവകലാശാലയിൽ കുച്ചിപ്പുഡിയിൽ മാസ്റ്റേഴ്സ് പഠിക്കുകയാണ് മറീന. ഉദ്ഘാടനം കലാമണ്ഡലം ഡോക്ടർ സുഗന്ധി പ്രഭു, അനുപമ മോഹൻ, ജോർജ് എസ് പോൾ, മിത്രാസ് രാജൻ, ഷിറാസ്,ആർ എൽ വി ആനന്ദ്, മറീന ആന്റണി എന്നിവർ ഭദ്ര ദീപം കൊളുത്തി

സർവന്റ് ഓഫ് ഗോഡിന്റെ ഇക്കൊല്ലത്തെ ഓണാഘോഷം

തൃശൂർ: സർവന്റ് ഓഫ് ഗോഡിന്റെ ഇക്കൊല്ലത്തെ ഓണാഘോഷം തൃശൂർ കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ എം എൽ റോസി ജനറൽ ആശുപത്രി ഹാളിൽ ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് ജോസ് നിലയാറ്റിങ്കൽ അധ്യക്ഷനായിരുന്നു. ഷിജു ബഷീർ സ്വാഗതം പറഞ്ഞ യോഗത്തിൽ പി കെ ഷാജൻ, ഫാ. റോയ് ജോസഫ് വടക്കൻ, റിട്ട. എസ് ഐ അശോകുമാർ, തൃശൂർ സോഷ്യൽ കൺവീനർ സി കെ ജോയ്. ജമാൻ ആർ. എച്ച്., ടി ആർ. ആനന്ദ പ്രസാദ്, തേറയിൽ, മേഴ്സി അജിത്, ലീല വർഗ്ഗീസ് എന്നിവർ സ്വാഗതം ആശംസിച്ചു. ഭക്ഷ്യകിറ്റുകൾ, ഉപകരണങ്ങൾ എന്നിവയും പതിവുപോലെ വിതരണം ചെയ്തു.

എസെൻസ് ഗ്ലോബൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് കുരീപ്പുഴ ശ്രീകുമാറിന്

തൃശൂർ: എസെൻസ് ഗ്ളോബൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് കുരീപ്പുഴ ശ്രീകുമാറിന്. കേരളത്തിലെ സ്വതന്ത്രചിന്തയ്ക്കും നിരീശ്വരവാദ ധാരയ്ക്കും നൽകുന്ന സമഗ്രസംഭാവനകൾ പരിഗണിച്ചാണ് അവാർഡ്. സാഹിത്യ-സാമൂഹിക പ്രവർത്തനങ്ങളും ശബ്ദമലിനീകരണം ഉൾപ്പടെയുള്ള സാമൂഹിക ദ്രോഹങ്ങൾക്കെതിരെ നടത്തിയ ഇടപെടലുകളും കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ നടത്തിയ മതേതര യാത്രയും കേരളത്തിലെ നാസ്തിക-സ്വതന്ത്രചിന്താ ധാരയയ്ക്ക് നൽകിയ ഊർജ്ജവും അവാർഡ് പരിഗണനയ്ക്ക് കാരണമാണ്. 40000 രൂപയും മെഡലിയനും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം. ഒക്ടോബർ 12 ന് കോഴിക്കോട് സ്വപ്നനഗരിയിൽ വച്ച് എസൻസ് ഗ്ലോബൽ സംഘടിപ്പിക്കുന്ന നാസ്തിക സമ്മേളനമായ ലിറ്റ്മസ്-24ൽ വച്ച് പുരസ്കാരം സമർപ്പിക്കും.

ഗുരുവായൂർ ക്ഷേത്രത്തിലെ നടപ്പന്തലിൽ വീഡിയോ ഗ്രാഫിക്ക് നിയന്ത്രണം

ഗുരുവായൂർ:ഗുരുവായൂർ ക്ഷേത്രത്തിലെ നടപ്പന്തലിൽ വീഡിയോഗ്രാഫിക്ക് നിയന്ത്രണം ഏർപ്പെടുത്തി.ഹൈക്കോടതിയാണ് നിയന്ത്രണം ഏർപ്പെടുത്തിയത്.വിവാഹ ചടങ്ങുകൾക്കും,മതപരമായ ചടങ്ങുകൾക്കുമല്ലാതെ വീഡിയോഗ്രാഫി അനുവദിക്കരുതെന്നാണ് ഹൈക്കോടതിയുടെ നിർദേശം. സെലിബ്രിറ്റികളെ അനുഗമിച്ചുള്ള വ്ളോഗർമാരുടെ വീഡിയോഗ്രാഫിക്കും ഹൈക്കോടതി നിയന്ത്രണം ഏർപ്പെടുത്തി.

ഡൈസൺ ഓൺട്രാക്ക് ഹെഡ്ഫോൺ അംബാസഡറായി ബാഡ്ഷായെ പ്രഖ്യാപിച്ചു

കൊച്ചി : ആഗോള ടെക്നോളജി കമ്പനിയായ ഡൈസൺ പ്രശസ്ത കലാകാരനും സംഗീത ഐക്കണുംമായ ബാഡ്ഷായെ ഇന്ത്യയിൽ ഡൈസൺ ഓൺട്രാക്ക് ഹെഡ്ഫോണുകളുടെ അംബാസഡറായി പ്രഖ്യാപിച്ചു. 2024 സെപ്റ്റംബർ 23ന് പുറത്തിറക്കുന്ന ഡൈസന്റെ ആദ്യ ഹൈ ഫിഡിലിറ്റി ഓഡിയോ ഒൺലി ഹെഡ്ഫോണായ ഡൈസൺ ഓൺട്രാക്ക് ലോഞ്ച് ചെയുന്നത് മുതൽ ഈ സഹകരണം ആരംഭിക്കും

മുൻഗണനാ റേഷൻ കാർഡുകാർക്കുള്ള മസ്റ്ററിങ് ആരംഭിച്ചു

തൃശൂർ:സംസ്ഥാനത്ത് മുൻഗണനാ റേഷൻ കാർഡുകാർക്കുള്ള മസ്റ്ററിങ് ഇന്നു മുതൽ ആരംഭിച്ചു. മഞ്ഞ, പിങ്ക് കാർഡ് ഉടമകളും അംഗങ്ങളുമാണ് റേഷൻകടകളിലെത്തി മസ്റ്ററിങ് നടത്തേണ്ടത്.24 വരെ തിരുവനന്തപുരം ജില്ലക്കാർക്കാണ് മസ്റ്ററിങ്. ഇത് റേഷൻ വിതരണത്തെ ബാധിക്കാതിരിക്കാൻ ഭക്ഷ്യവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.25 മുതൽ ഒക്ടോബർ ഒന്നുവരെ കൊല്ലം,ആലപ്പുഴ,പത്തനംതിട്ട,കോട്ടയം, ഇടുക്കി,എറണാകുളം, തൃശൂർ ജില്ലകളിലും ഒക്ടോബർ മൂന്നുമുതൽ എട്ടുവരെ പാലക്കാട്, കോഴിക്കോട്, വയനാട്,കണ്ണൂർ,മലപ്പുറം,കാസർകോട് ജില്ലകളിലുമാണ് മസ്റ്ററിങ്. ഒക്ടോബർ 15-നകം മുൻഗണനാ കാർഡുകളിലെ അംഗങ്ങളുടെ മസ്റ്ററിങ്ങിനുള്ള തിയതികൾ പിന്നീട് പ്രഖ്യാപിക്കും.

ഓർമ്മ മരം നട്ട് എൻസിസി ക്യാമ്പിന് തുടക്കമായി

തൃശൂർ: 24 കേരള ബറ്റാലിയൻ എൻ.സി.സിയുടെ ദശദിന പരിശീലന ക്യാമ്പിന് ചിന്മയ കോളേജിൽ തുടക്കമായി. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിലാണ് ആഘോഷങ്ങൾ കുറച്ച് പരിശീലനങ്ങൾക്ക് പ്രാധാന്യം നല്കി ക്യാമ്പ് സംഘടിപ്പിച്ചിട്ടുള്ളത്. അതിനാൽ ഓർമ്മ മരം സ്കൂൾ ക്യാമ്പസിൽ നട്ടാണ് പരിശീലന ' ക്യാമ്പിന് ഉദ്ഘാടനം ലളിതമായി നിർവഹിക്കപ്പെട്ടത്. കോളേജ് പ്രിൻസിപ്പൽ പി കൃഷ്ണകുമാറും ക്യാമ്പ് കമാൻഡന്റ് ലഫ്റ്റനന്റ് കേണൽ എം.ടി. ബ്രിജേഷും ചേർന്നാണ് പേര വിഭാഗത്തിലുള്ള ഓർമ്മമരം നട്ട് ക്യാമ്പ് ഉത്ഘാടനം ചെയ്തത് ജനുവരി 26 ന് റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുക്കുന്ന എൻസിസി കേഡറ്റുകളുടെ തിരഞ്ഞെടുപ്പും ഈ ക്യാമ്പിൽ നടത്തപ്പെടുന്നുണ്ട് ലഫ്റ്റനന്റ്മാരായ അനുപ് എം.ആർ, ശിവരാമകൃഷ്ണൻ അസോസിയേറ്റ് ഡ് എൻ.സി.സി ഓഫിസർമാരായ ഷിജി പൗലോസ് , നിഖിൽ സി.ജി അദിബ് ഇ എ , ഗിരീഷ് എ.പി എന്നിവരുടെ നേതൃത്തിലുള്ള ഓഫിസർമാരും ജൂനിയർ സൂപ്രണ്ട് രാജൻ വി.കെ, സുബേദാർ മേജർ ബിജോയ് റായ് യുടെനേതൃത്വത്തിലുള്ള 20 അംഗ പട്ടാളക്കാരും പത്ത് ദിവസത്തെ പരീശീലനത്തിന് നേതൃത്വം നല്കുമെന്ന് സെപ്യൂട്ടി ക്യാമ്പ് കമാൻഡന്റ് മേജർ പി.ജെ. സ്റ്റൈജു അറിയിച്ചു.. തൃശ്ശൂർ പാലക്കാട് , എറണാകുളം ആലപ്പുഴ, മലപ്പുറം എന്നീ ജില്ലകളിൽ നിന്നായി അറുന്നൂറിലധികം കേഡറ്റുകൾ ക്യാമ്പിൽ പങ്കെടുക്കുന്നുണ്ട്. സെപ്റ്റംബർ 13 ന് ആരംഭിച്ച ക്യാമ്പ് സെപ്റ്റംബർ 22 ന് സമാപിക്കും

അമൃത് പദ്ധതി ഡിസംബറിനുള്ളിൽ യാഥാർഥ്യമായില്ലെങ്കിൽ സമര പരിപാടികളിലേക്ക് നീങ്ങും: പാസ്സഞ്ചേഴ്സ് അസോസിയേഷൻ

ഇരിങ്ങാലക്കുട : കോവിഡ് കാലത്ത് സ്റ്റോപ്പ് നിറുത്തലാക്കിയ അഞ്ച് ദീർഘദൂര സർവീസുകൾ ഇരിങ്ങാലക്കുട റെയിൽവേ സ്റ്റേഷന്റെ വരുമാന വർധനയിൽ തിരിച്ചടിയായെന്ന് റെയിൽവേ യാത്രക്കാർ. തിരുവനന്തപുരം ഡിവിഷന്റെ 2023 - 24 സാമ്പത്തിക വർഷത്തെ കണക്ക് പ്രകാരം ജില്ലയിൽ തൃശ്ശൂർ കഴിഞ്ഞാൽ നാലാം സ്ഥാനത്താണ് വരുമാനത്തിന്റെയും യാത്രക്കാരുടെയും കാര്യത്തിൽ ഇരിങ്ങാലക്കുട റെയിൽവേ സ്റ്റേഷൻ. ഗുരുവായൂരും ചാലക്കുടിയുമാണ് രണ്ടും മൂന്നും സ്ഥാനങ്ങളിൽ. ദീർഘദൂര സർവീസുകൾ നിറുത്തലാക്കിയതും അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും അമൃത് പദ്ധതിയുടെ ഭാഗമായി നടത്തി കൊണ്ടിരിക്കുന്ന ഭൗതികസൗകര്യങ്ങളുടെ വികസനവും വരുമാന വർധനവിലും യാത്രക്കാരുടെ വർധനവിലും ചാലക്കുടിയെ തുണച്ചതായി പാസ്സഞ്ചേഴ്സ് അസോസിയേഷൻ വിലയിരുത്തുന്നു. 14. 45 ലക്ഷം യാത്രക്കാരും 6 .91 കോടി വരുമാനവുമാണ് 2023-24 സാമ്പത്തിക വർഷത്തിൽ ചാലക്കുടി റെയിൽവേ സ്റ്റേഷൻ നേടിയിരിക്കുന്നത്. ഇരിങ്ങാലക്കുടയിൽ ഈ കണക്കുകൾ 11. 60 ലക്ഷവും 5.89 കോടിയുമാണ്. കഴിഞ്ഞ പത്ത് വർഷക്കാലം മണ്ഡലത്തെ പ്രതിനിധീകരിച്ച എംപി മാർ സ്റ്റേഷനെ അവഗണിച്ചതിന്റെ പ്രതിഫലനമാണ് കണക്കുകളിൽ തെളിയുന്നതെന്നും വിമർശനമുണ്ട്. നിറുത്തലാക്കിയ ദീർഘദൂര സർവീസുകളുടെ സ്റ്റോപ്പുകൾ പുനസ്ഥാപിക്കേണ്ടതും അമൃത് പദ്ധതി നടപ്പിലാക്കേണ്ടതും സ്റ്റേഷന്റെ നിലനിൽപ്പിന് അനിവാര്യമാണെന്നും യാത്രക്കാർ ചൂണ്ടിക്കാണിക്കുന്നുണ്ട്. കഴിഞ്ഞ വർഷം മാർച്ചിൽ ഇരിങ്ങാലക്കുട റെയിൽവേ സ്റ്റേഷൻ സന്ദർശിച്ച റെയിൽവേ അമിനിറ്റീസ് കമ്മിറ്റി ചെയർമാൻ പി കെ കൃഷ്ണദാസ് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി പത്ത് കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുമെന്നും രണ്ടാം നമ്പർ പ്ലാറ്റ്ഫോമിൽ കോഫി ഷോപ്പിനായി ഉടൻ തന്നെ ടെണ്ടർ വിളിക്കുമെന്നും പ്രഖ്യാപിച്ചിരുന്നു. അമൃത് പദ്ധതി പ്രഖ്യാപനം ഡിസംബർ മാസത്തിനുള്ളിൽ ഉണ്ടായില്ലെങ്കിൽ പ്രക്ഷോഭ പരിപാടികളിലേക്ക് കടക്കുമെന്ന് റെയിൽവേ പാസ്സഞ്ചേഴ്സ് അസോസിയേഷൻ വ്യക്തമാക്കി കഴിഞ്ഞു.

കോൺഗ്രസ് ഓഫീസിൽ ഓണാഘോഷം

ഇരിങ്ങാലക്കുട : കോൺഗ്രസ് മണ്ഡലം കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ രാജീവ് ഗാന്ധി മന്ദിരം അങ്കണത്തിൽ നടന്ന ഓണാഘോഷം കെ.പി.സി.സി മുൻ ജനറൽ സെക്രട്ടറി എം.പി. ജാക്സൺ ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡണ്ട് സി.എസ്. അബ്ദുൾ ഹഖ് അധ്യക്ഷത വഹിച്ചു. ഡി.സി. സി. ജനറൽ സെക്രട്ടറി അഡ്വ സതീഷ് വിമലൻ, ബ്ലോക്ക് കോൺഗ്രസ് പ്രസിഡണ്ട് സോമൻ ചിറ്റേത്ത്, യൂത്ത് കോൺഗ്രസ് നിയോജക മണ്ഡലം പ്രസിഡണ്ട് സനൽ കല്ലുക്കാരൻ, നഗരസഭാധ്യക്ഷ സുജ സജ്ജീവ് കുമാർ , മുൻ നഗരസഭ വൈസ് ചെയർമാൻ ടി.വി. ചാർളി, കൗൺസിലർമാർ, ബ്ലോക്ക് - മണ്ഡലം - ബൂത്ത് ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

ആദ്യമായിട്ടാണ് കോൺഗ്രസ് പാർട്ടി ഓഫീസിൽ ഓണാഘോഷം നടക്കുന്നതെന്ന് എം.പി. ജാക്സൺ പറഞ്ഞു. വടം വലി, ഉറിയടി, കസേരകളി തുടങ്ങി മത്സരങ്ങളും ഓണ സദ്യയും നടന്നു. മത്സരത്തിൽ വിജയികളായവർക്ക് ഉപഹാരം നൽകി .

വരടിയം സർവ്വീസ് സഹകരണ ബാങ്ക്
LTD No. 575
പി ഒ അവണൂർ, പിൻ-680541, Phone: 0487 2211232

ക്വട്ടേഷൻ ക്ഷണിക്കുന്നു

ബാങ്കിന്റെ വാർഷിക പൊതുയോഗത്തിൽ അംഗങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി 500 മൾട്ടി പർപ്പസ് ഫാൻസി ബാഗുകൾ സപ്